# ഇ-ലേല പരസ്യം

KFDDO/35331/2023-DFOKSGD/A4 തീയതി 13.12.2024

കാസറഗോഡ് വനം ഡിവിഷനിൽ, വിവിധ വനം കേസ്സുകളിൽ ഉൾപ്പെട്ട് 1961-ലെ കേരള വനനിയമം 61(എ) വകുപ്പനുസരിച്ച് സർക്കാരിലേക്ക് കണ്ടുകെട്ടിയിട്ടുള്ള വാഹനങ്ങൾ ഇപ്പോഴത്തെ സ്ഥിതിയിലും അവസ്ഥയിലും ഇ-ഓക്ഷൻ മുഖേന താഴെ പറയുന്ന തീയതികളിൽ ലേലം ചെയ്ത് വിൽക്കുന്നതായിരിക്കും.

MSTC കമ്പനിയിൽ ലേലത്തിനായി രജിസ്റ്റർ ചെയ്ത വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. വിശദവിവരത്തിനായി www.mstcecommerce.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടാതെ 0471 2529137, 0471 2326686 എന്നീ നമ്പറുകളിലും MSTC അധികാരികളുമായി ബന്ധപ്പെടാവുന്നതാണ്.

| ക്രമ നം. | ഫയൽ/ കേസ് നം. | വാഹനത്തിന്റെ ഇനവും നമ്പറും | നിരതദ്രവ്യം | വാഹനം സൂക്ഷിച്ചിരിക്കുന്ന സ്ഥലം |
|---|---|---|---|---|
| 1 | OR 06/20 | KA-64-0360<br>BB1214R4X24250 Lorry<br>2014 Model | 95000 | കാസറഗോഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് പരിസരം |
| 2 | OR 12/17 | KA 19 T 6981<br>Motor Cycle – Honda CB Unicorn<br>2014 Model | 3000 | കാഞ്ഞങ്ങാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് പരിസരം |

ലേലതീയതി 08.01.2025

ടി ലേലത്തിൽ അന്നേ ദിവസം ആരും പങ്കെടുക്കാതെ വരികയോ, മറ്റ് കാരണങ്ങളാൽ ലേലം നടക്കാതെ വരികയോ, അല്ലെങ്കിൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വാഹനങ്ങൾ ഏതെങ്കിലും വിൽപ്പന നടത്താതെ ബാക്കി വരികയോ ചെയ്താൽ അവ താഴെ പറയുന്ന ദിവസങ്ങളിൽ MSTC കമ്പനി മുഖേന ഇ-ലേലം ചെയ്ത് വിൽപ്പന നടത്തുന്നതാണ്.

ലേലതീയതി - 29.01.2025, 18.02.2025, 11.03.2025

മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവയിൽ ഏതെങ്കിലും വാഹനം വിൽക്കാതിരിക്കാനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കാസറഗോഡിൽ നിക്ഷിപ്തമായിരിക്കും. ലേലം ചെയ്യുന്ന വാഹനത്തിന്റെ നിരതദ്രവ്യം ലേലദിവസത്തിന്റെ തൊട്ടു തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി അടച്ചിരിക്കണം. ഈ തുക ഓൺലൈൻ മുഖേനയോ, ഡി.ഡി.മുഖേനയോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കാസറഗോഡിന്റെ പേരിൽ അടയ്ക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നയാളിന്റെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരനു മാത്രമേ വാഹനങ്ങളുടെ ക്രമപ്രകാരമുള്ള ഇ-ഓക്ഷനിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

വാഹനങ്ങൾ ബന്ധപ്പെട്ട റെയിഞ്ചാഫീസറുടെ അനുവാദത്തോടുകൂടി ആഫീസ് സമയത്ത് പരിശോധിക്കാവുന്നതും, വാഹനത്തിന്റെ ഗുണനിലവാരം കണ്ട് ബോധ്യപ്പെടാവുന്നതുമാണ്. ലേലത്തിന് ശേഷം തൽസംബന്ധമായ യാതൊരു പരാതികളും സ്വീകരിക്കുന്നതല്ല.

വാഹനത്തിന്റെ ആർ.സി. ബുക്ക് ലഭ്യമല്ലാതായാൽ ലേലക്കാർ സ്വന്തം ഉത്തരവാദിത്വത്തിലും, ചിലവിലും ഡ്യൂപ്ലിക്കേറ്റ് ആർ.സി. ബുക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ലേലം സംബന്ധിച്ച് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിലവിലുള്ള പൊതുനിയമങ്ങളും മറ്റ് നിബന്ധനകളും ഈ ലേലത്തിലും ബാധകമായിരിക്കും.

ഇ-ഓക്ഷൻ നിബന്ധനകളിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്), തിരുവനന്തപുരം എന്തെങ്കിലും ഭേദഗതിയോ മാറ്റമോ വരുത്തിയാൽ ആയത് ഈ ലേലത്തിനും ബാധകമായിരിക്കുന്നതും, ടി വിവരം ലേലത്തിന് മുമ്പ് പങ്കെടുക്കുന്നവരെ അറിയിക്കുന്നതുമാണ്. മുകളിൽ പറഞ്ഞിട്ടുള്ള വാഹനങ്ങളുടെ എണ്ണത്തിൽ മാറ്റം വരുത്തുന്നതിനോ, മറ്റൊരറിയിപ്പ് കൂടാതെ ലേലം റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും. ഇ-ഓക്ഷൻ സംബന്ധിച്ച വിശദവിവരങ്ങൾ താഴെകൊടുത്തിരിക്കുന്ന മേൽവിലാസങ്ങളിൽ / ഇ-മെയിൽ / ഫോൺ നമ്പർ എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കാസറഗോഡ് ഡിവിഷൻ, വനശ്രീ കോംപ്ലക്സ്, ഉദയഗിരി, വിദ്യാനഗർ (പി.ഒ.), കാസറഗോഡ്, പിൻ-671123.

ഫോൺ നമ്പർ : 04994 256119, 9447979076

ഇ-മെയിൽ :dfo-kgd.for@kerala.gov.in

റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, കാഞ്ഞങ്ങാട് : 0467 2207077, 8547602600

റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, കാസറഗോഡ് : 04994 225072, 8547602576

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം
കാസറഗോഡ്
13.12.2024

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണർക്ക് വേണ്ടി)

DIVISIONAL FOREST OFFICER
KASARAGOD DIVISION. KASARAGOD

G:\BACKUP\OFFICE MATTERS 2024\KGA4\35331-23 dtd 13.12.2024 Vehicle auction - Notice.docx